"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ ലിംബ് ഫിറ്റിംഗ് യൂണിറ്റിലെ Cobbler എന്ന തസ്തികയുടെ പേര് "Leather Worker (Rehabilitation Unit)" എന്ന് പുനർനാമകരണം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ ( എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.339/2025/H&FWD തീയതി,തിരുവനന്തപുരം, 03-10-2025

---

പരാമർശം:-

1. 19-10-2009 ലെ സ.ഉ (കൈ) നം. 362/09/എച്ച് & എഫ്.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവ്
2. 17-01-2013 ലെ 6/2013/ഫിൻ നമ്പർ സർക്കുലർ
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 06-12-2024, 25.04.2025 എന്നീ തീയതികളിലെ ഇ.എച്ച് 1- 11046/2023 ആ.വ.ഡ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ആരോഗ്യവകുപ്പിൽ ഫോർമാൻ, റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ, കോബ്ലർ തസ്തികകളിലേയ്ക്ക് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ ഭാഗമായി വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരുമായും അംഗീകൃത സർവ്വീസ് സംഘടനകളുമായും ചർച്ചകൾ നടന്നിരുന്നു. പ്രസ്തുത ചർച്ചകളിലും സർക്കാരിൽ ലഭിച്ച വിവിധ നിവേദനങ്ങളിലും ആരോഗ്യ വകുപ്പിലെ Cobbler എന്ന തസ്തികയുടെ പേര് "Leather Worker (Rehabilitation Unit)" എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവാകണമെന്നും പൊതുവായി അഭ്യർത്ഥിച്ചിരുന്നു.

(2) ചെരുപ്പുകുത്തി എന്ന് അർത്ഥമാക്കുന്ന Cobbler എന്ന പേര് മാറ്റിത്തരണമെന്ന ജീവനക്കരുടെ ആവശ്യം ന്യായമാണെന്നും പ്രസ്തുത തസ്തികയുടെ പേര് "Leather Worker (Rehabilitation Unit)" എന്ന് പുനഃനാമകരണം ചെയ്യുന്നത് ഉചിതമായിരിക്കുമെന്ന് പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. റിഹാബിലിറ്റേഷൻ ടെക്നീഷ്യന്മാരെ സഹായിക്കുന്ന ജോലികളാണ് നിലവിൽ Cobbler വിഭാഗം ജീവനക്കാർ നിർവ്വഹിക്കുന്നത്. ശാരീരിക പരിമിതികൾ ഉള്ളവരും അവശത അനുഭവിക്കുന്നവരുമായ വിഭാഗങ്ങൾക്ക് പുന:രധിവാസം സാധ്യമാക്കുന്നതിനായി കൃത്രിമക്കാലുകൾ /കൈകൾ /മറ്റ് പലതരം ഉപകരണങ്ങൾ, ഇതുമായി ബന്ധപ്പെട്ട ലതർ വർക്കുകൾ, പ്രത്യേകതരം ചെരുപ്പുകളുടെ നിർമ്മാണം എന്നിവ സാങ്കേതിക വിദ്യകൾക്ക് അനുസൃതമായി നിർമ്മിക്കുകയാണ് Cobbler വിഭാഗം ജീവനക്കാർ നിലവിൽ ചെയ്തുവരുന്നത്.

(3) Cobbler വിഭാഗം ജീവനക്കാർ സാധാരണ ജനങ്ങൾ ഉപയാഗിക്കുന്ന ചെരുപ്പുകളുടെ

നിർമ്മാണവും അറ്റകുറ്റപ്പണികളുമല്ല ചെയ്തുവരുന്നത്. ആയതിനാൽ ഭരണപരമായ സൗകര്യാർത്ഥവും ചെയ്യുന്ന ജോലിയുടെ സ്വഭാവവും കണക്കിലെടുക്കുമ്പോൾ Leather Worker (Rehabilitation Until) എന്ന പേരാണ് ഈ തസ്തികയ്ക്ക് അനുയോജ്യമെന്നും ആയതിനാൽ Cobbler എന്ന തസ്തികനാമം മാറ്റി Leather Worker (Rehabilitation Unit) എന്ന് പുനർനാമകരണം ചെയ്യണമെന്നുമാണ് ആരോഗ്യ വകുപ്പ ഡയറക്ടറുടെ ശിപാർശ.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തസ്തിക പുനർ നാമകരണം ചെയ്യുന്നതിലൂടെ സർക്കാരിന് ഇപ്പോഴോ ഭാവിയിലോ അധിക സാമ്പത്തിക ബാധ്യതയോ സാങ്കേതിക പ്രശ്നങ്ങളോ ഭരണപരമായ പ്രശ്നങ്ങളോ ഉണ്ടാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ആരോഗ്യ വകുപ്പിലെ ലിംബ് ഫിറ്റിംഗ് യൂണിറ്റിലെ Cobbler എന്ന തസ്തികയുടെ പേര് "Leather Worker (Rehabilitation Unit) " എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി,കേരള പബ്ലിക് സർവീസ് കമ്മീഷൻ ,തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
എല്ലാ ജില്ലാ കളക്ടർമാർക്കും
ആരോഗ്യ വകുപ്പ് ഡയറക്ടർ തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് കേരളം തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളംതിരുവനന്തപുരം
എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
ഓഫീസ് കോപ്പി /കരുതൽ ഫയൽ (H2/114/2025)

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari.I. S
Date: 21-10-2025 12:08:11
സെക്ഷൻ ഓഫീസർ

പകർപ്പ്
ധനകാര്യ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ(A,B,C,,E,F,G,K,M) വകുപ്പുകൾക്ക്
വിവരപൊതുജന സമ്പർക്ക വകുപ്പ്